Draft #36 of File 17152/ADA1 SO/2020/AD A1 Approved by Registrar on 30-Sep-2020 10:44 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/AD A1 തീയതി: 30.09.2020

## സർക്കുലർ

വിഷയം:- കോവിഡ് 19 - നിർവ്യാപനം - സർവ്വകലാശാലയിൽ പാലിക്കേണ്ട മുൻകരുതലുകൾ - ജീവനക്കാർക്കുള്ള തുടർമാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- ______________

-------

സർവ്വകലാശാലയിലെ ജീവനക്കാർക്കിടയിൽ കോവിഡ്-19 സ്ഥിരീകരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ജീവനക്കാർ കർശനമായി പാലിക്കുന്നതിലേക്കായി പുറപ്പെടുവിക്കുന്നു.

1. ജീവനക്കാർ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് അവരവരുടെ സെക്ഷനുകളിൽ മാത്രം ഒതുങ്ങി ഔദ്യോഗികജോലികൾ നിർവ്വഹിക്കേണ്ടതാണ്.
2. ജീവനക്കാർ അനാവശ്യമായി മറ്റു സെക്ഷനുകൾ സന്ദർശിക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.
3. ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന സമർപ്പണങ്ങൾ / അപേക്ഷകൾ സെക്ഷനുകളിൽ നേരിട്ട് നൽകാതെ തപാൽ സെക്ഷൻ മുഖേന മാത്രം നൽകേണ്ടതാണ്.
4. ജീവനക്കാർ സർവ്വകലാശാലാ ക്യാമ്പസിനുള്ളിലെ ലഘുഭക്ഷണശാലകളിൽ കൂട്ടംകൂടി നിൽക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
5. ജീവനക്കാർ ക്യാമ്പസിനുള്ളിൽ സാമൂഹിക അകലം പാലിക്കേണ്ടതാണ്. യാതൊരു കാരണവശാലും സംഘം ചേർന്ന് നിൽക്കാൻ പാടുള്ളതല്ല.
6. ജീവനക്കാർ ഒരുമിച്ചുകൂടി ഉച്ചഭക്ഷണം കഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
7. ഓഫീസിലിരുന്ന് ഭക്ഷണം കഴിക്കുമ്പോഴും വാഷ് ബേസിനുകൾ ഉപയോഗിക്കുമ്പോഴും ജീവനക്കാർ സാമൂഹിക അകലം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ